മലയാള മനോരമ
ESTABLISHED 1888

**16 January 2018**

Registered KL/EKM/051/2018-20.

# മൽസ്യ മേഖലയിൽ മുന്നറിയിപ്പ് സംവിധാനം കാര്യക്ഷമമാക്കണം

## രാജ്യാന്തര സഫാരി സമ്മേളനത്തിന് തുടക്കം

കൊച്ചി • ഓഖി പോലുള്ള അത്യാഹിതങ്ങൾ ഒഴിവാക്കാൻ മൽസ്യമേഖലയിൽ മുന്നറിയിപ്പു സംവിധാനങ്ങൾ കാര്യക്ഷമമാക്കണമെന്നു ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലും കാർഷിക ഗവേഷണ വിദ്യാഭ്യാസ സെക്രട്ടറിയുമായ ഡോ. ത്രിലോചൻ മൊഹാപത്ര. കേന്ദ്ര സമുദ്രമൽസ്യ ഗവേഷണകേന്ദ്രം (സിഎംഎഫ്ആർഐ) സംഘടിപ്പിക്കുന്ന രാജ്യാന്തര സഫാരി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാലാവസ്ഥ മുന്നറിയിപ്പ്, മീനുകൾ ലഭ്യമായ സ്ഥലങ്ങളുടെ പ്രവചനം, കടലിന്റെ സ്വഭാവത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് എന്നിവ കാര്യക്ഷമമാക്കണം. സിഎംഎഫ്ആർഐ, ഇൻകോയിസ് എന്നിവ ചേർന്നു വികസിപ്പിച്ച എംകൃഷി മൊബൈൽ ആപ് മൽസ്യമേഖലയിൽ പ്രയോജനകരമാണെന്നും അദ്ദേഹം പറഞ്ഞു.

ഐസിഎആർ ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷനായി. ഡോ. ബി. മീനാകുമാരി, ലെസെ എച്ച്. പെറ്റേഴ്സൺ, ഡോ. റോഡ്നി എം. ഫോസ്റ്റർ, പ്രഫ. എൻ.ആർ. മേനോൻ, ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ടി.വി. സത്യാനന്ദൻ എന്നിവർ പ്രസംഗിച്ചു.

വിവിധ രാജ്യങ്ങളിൽനിന്നുള്ള 300 പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

അവസാന ദിവസമായ നാളെ 10.30 നു നടക്കുന്ന ദുരന്തനിവാരണത്തെക്കുറിച്ചുള്ള ചർച്ചയിൽ മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ മുഖ്യാതിഥിയായിരിക്കും.



സിഎംഎഫ്ആർഐ കൊച്ചിയിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര സഫാരി സമ്മേളനം കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ സെക്രട്ടറിയും ഐസിഎആർ ഡയറക്ടർ ജനറലുമായ ഡോ. ത്രിലോചൻ മൊഹാപത്ര ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജെ.കെ. ജെന, ഡോ. ബി. മീനാകുമാരി, ലെസെ എച്ച്. പെറ്റേഴ്സൺ, ഡോ. റോഡ്നി എം. ഫോസ്റ്റർ, എൻ.ആർ. മേനോൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ടി.വി. സത്യാനന്ദൻ എന്നിവർ സമീപം.